# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2072 11.06.2018-ൽ മറുപടിക്ക്**

## <u>കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. ടി. തോമസ്<br>ശ്രീ. വി.ടി. ബൽറാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കസ്റ്റഡിമരണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) 5 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - I -ൽ ചേർത്തിരിക്കുന്നു. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസുണ്ടെന്നും അവർ ആരെല്ലാമെന്നും അവരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) വിശദാംശങ്ങൾ അനുബന്ധം - II -ൽ ചേർത്തിരിക്കുന്നു. |
| (സി) ഇങ്ങനെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) കസ്റ്റഡിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സഹായം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, കോടതികൾ മുതലായവ ചില കേസുകളിൽ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന്റെ |

അടിസ്ഥാനത്തിൽ കസ്റ്റഡി
മരണത്തിന് ഉത്തരവാദികളായ
ഉദ്യോഗസ്ഥരിൽ നിന്നും ശിപാർശ
ചെയ്യുന്ന തുക ഈടാക്കി നൽകണം
എന്ന വ്യവസ്ഥയിൽ
ധനസഹായവും കൂടാതെ
ആശ്രിതർക്ക് ജോലി എന്നിവയും
അനുവദിച്ച് നൽകാറുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം – I

1. ആലപ്പുഴ ജില്ലയിൽ നൂറനാട് പോലീസ് സ്റ്റേഷൻ പരിധിയിൽ റജു എന്നയാൾ ഇന്ദിര എന്ന സ്ത്രീയുടെ മാല പൊട്ടിച്ച് രക്ഷപ്പെടാൻ ശ്രമിച്ച സമയം, നാട്ടുകാർ പിടികൂടി ദേഹോപദ്രവമേൽപ്പിച്ച് പോലീസിനെ ഏൽപ്പിക്കുകയും, പോലീസ് വാഹനത്തിന്റെ പിൻ സീറ്റിൽ കയറ്റികൊണ്ടുപോകുന്ന വഴിയിൽ ടിയാൻ ജീപ്പിൽ നിന്നും ചാടി ഗുരുതരമായ പരിക്കേൽക്കുകയും, നൂറനാട് കെ.സി.എം ആശുപത്രിയിലും തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ച് ചികിത്സ നടത്തി വരവെ 07.09.2017-ന് 12.30 മണിക്ക് മരണപ്പെട്ടു. ടി കേസുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടില്ലാത്തതിനാൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതും, വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു.

2. പാലക്കാട് ജില്ലയിൽ അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മുക്കാലി എന്ന് സ്ഥലത്തുവെച്ച് ആൾക്കൂട്ടത്തിന്റെ മർദ്ദനമേറ്റ മധു എന്ന ആദിവാസി യുവാവിനെ പോലീസ് വാഹനത്തിൽ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടു വരവെ താവളം ജംഗ്ഷനിൽവച്ച് ടിയാൻ ഛർദ്ദിച്ച് അവശനാവുകയും അഗളി CHC – യിൽ എത്തിച്ച് ഡോക്ടർ പരിശോധിച്ചപ്പോൾ ടിയാൻ മരണപ്പെട്ടു എന്നറിയുകയും കൃത്യത്തിലുൾപ്പെട്ട 16 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ആയതിൽ പോലീസിന് നേരെ ആക്ഷേപം ഉണ്ടായിട്ടില്ല.

3. മലപ്പുറം ജില്ലയിലെ വണ്ടൂർ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലുണ്ടായിരുന്ന അബ്ദുൾ ലത്തീഫ് എന്ന പ്രതി സ്റ്റേഷൻ ബാത്ത്റൂമിലെ എയർഹോളിൽ ഉടുതുണി ഉപയോഗിച്ച് തൂങ്ങിമരിച്ചു. ആയതുമായി ബന്ധപ്പെട്ട് വണ്ടൂർ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.

ശ്രീ.സനീഷ് എസ്.ആർ, എസ്.സി.പി.ഒ. 3494 മനോജ്, സി.പി.ഒ 4987 സതീഷ് എന്നീ പോലീസുകാരെ സസ്പെന്റ് ചെയ്തിരുന്നു.

4. കണ്ണൂർ ജില്ലയിലെ തലശ്ശേരി പോലീസ് സ്റ്റേഷനിൽ 09.10.2016-ന് 4.00 മുതൽ 6.00 മണി സമയത്തിനിടയ്ക്ക് കാളിമുത്തു എന്ന പ്രതി ഹൃദയാഘാതം മൂലം മരണപ്പെടുകയുണ്ടായി. ടി കേസിൽ എസ്.ഐ ശ്രീ. ഫൈസൽ, ഗ്രേഡ് എ.എസ്.ഐ. രാമചന്ദ്രൻ, രമേശൻ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

5. എറണാകുളം റൂറൽ ജില്ലയിലെ വരാപ്പുഴ പോലീസ് സ്റ്റേഷനിൽ അടിപിടി കേസിലേയ്ക്ക് അറസ്റ്റ് ചെയ്ത് പോലീസ് ബന്തവസ്സിൽ ഇരിക്കവേ വരാപ്പുഴ വില്ലേജ് ദേവസ്വംപാടം കരയിൽ ഷേണായി പറമ്പിൽ വീട്ടിൽ 29 വയസ്സുള്ള ശ്രീജിത്ത് ശാരീരിക ബുദ്ധിമുട്ടുകളെ തുടർന്ന് ചേരനെല്ലൂർ ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സയിൽ ഇരിക്കെ 09.04.2018 തീയതി വൈകിട്ട് 6.56 മണിക്ക് മരണപ്പെടാൻ ഇടയായ കാര്യത്തിന് ക്രൈം നം.321/2018 u/s 174 CrPC കേസിൽ എസ്.ഐ.റ്റി യുടെ അന്വേഷണത്തിൽ u/s 323, 218, 342, 302, 34 IPC കൂട്ടിചേർത്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ കൃത്യത്തിലുൾപ്പെട്ട 10 പേരിൽ 9 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നതും ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ മാത്രം സ്വീകരിച്ചുവരുന്നതുമാണ്.

**അനുബന്ധം – II**

| ക്രമ നം. | ജില്ല | പോലീസ് സ്റ്റേഷൻ | ക്രൈം നം. | പ്രതികളുടെ വിവരങ്ങൾ | മരണപ്പെട്ടയാൾ | കേസ്സിന്റെ ചുരുക്കം | കേസ്സിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| 1 | ആലപ്പുഴ | നൂറനാട് | 1127/17 u/s 225(B) IPC | ഇല്ല. | റെജു, വയസ്സ് 34 S/o. കാർത്തികേയൻ, റെജു ഭവനം, പുലിമേൽ മുറിയിൽ, നൂറനാട് വില്ലേജ്. | പോലീസ് കസ്റ്റഡിയിലിരിക്കെ ഓടുന്ന പോലീസ് ജീപ്പിൽ നിന്നും ചാടി രക്ഷപ്പെടാൻ ശ്രമിക്കവേ തലയ്ക്ക് പരിക്കേറ്റു. | കേസ് അന്വേഷണ അവസ്ഥയിലാണ്. |
| 2 | എറണാകളം റൂറൽ | വരാപ്പുഴ | 321/2018, u/s 174 CrPC ടി കേസിൽ എസ്. ഐ.റ്റിയുടെ അന്വേഷണത്തിൽ u/s323,218, 342,302,34 IPC കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരുന്നു. | A1) സന്തോഷ്, സി.പി.ഒ, ഡി.എച്ച്.ക്യൂ, കളമശ്ശേരി.<br>A2) ജിതിൻ രാജ്, സി.പി.ഒ, ഡി.എച്ച്.ക്യൂ, കളമശ്ശേരി.<br>A3) സുമേഷ്, സി.പി.ഒ, ഡി.എച്ച്.ക്യൂ, കളമശ്ശേരി.<br>A4) ദീപക്ക്, സബ് ഇൻസ്പെക്ടർ, വരാപ്പുഴ.<br>A5) ക്രിസ്പിൻ സാം, ഇൻസ്പെക്ടർ ഓഫ് പോലീസ്, നോർത്ത് പറവൂർ.<br>A6)ജയനാഥൻ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, വരാപ്പുഴ.<br>A7) സന്തോഷ് ബേബി, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, വരാപ്പുഴ<br>A8) സുനിൽകുമാർ, സി.പി.ഒ. 10066, വരാപ്പുഴ.<br>A9) ശ്രീരാജ് സി.പി.ഒ 11953, വരാപ്പുഴ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുള്ളതും ഇവർക്കെതിരെ ഓറൽ എൻക്വയറി ആരംഭിച്ചിട്ടുള്ളതുമാകുന്നു.<br>A10) സുധീർ ഗ്രേഡ് എ.എസ്.ഐ വരാപ്പുഴ പോലീസ് സറ്റേഷൻ. ഇദ്ദേഹത്തിനെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്യുകയും, ഓറൽ ഇൻക്വയറി ആരംഭിച്ചിട്ടുമുണ്ട്. | ശ്രീജിത്ത്, വയസ്സ് 29 ഷേണായി പറമ്പ്, ദേവസ്വംപാടം കര, വരാപ്പുഴ വില്ലേജ്. | അടിപിടി കേസിലേക്ക് അറസ്റ്റ് ചെയ്ത് പോലീസ് ബന്തവസ്സിൽ ഇരിക്കേ ശാരീരിക ബുദ്ധിമുട്ടുകളെ തുടർന്ന് ആവലാതിക്കാരൻ മെഡിക്കൽ ഓഫീസറായ ചേരാനെല്ലൂർ ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സയിലിരിക്കേ 09.04.2018 തീയതി വൈകിട്ട് 06.56 മണിക്ക് മരണപ്പെടാൻ ഇടയായ കാര്യം | എസ്.ഐ.റ്റി കേസ് അന്വേഷിക്കുന്നു. |
| 3 | പാലക്കാട് | അഗളി | 87/2018 u/s 174 Cr.PC Altd to 143,147, 148,323,324,325,364,365,367, 368,302 r/w 149 IPC & sec 3(1) (d)(r) , 3(2) (V) of SC/ST POA Act & Sec 27(2)(c) of Kerala Forest Act | A1) ഹുസൈൻ, മേച്ചേരിയിൽ വീട്, പാക്കളം, താവളം പോസ്റ്റ്, കള്ളമല<br>A2) മരക്കാർ S/o. ഉണ്ണീൻ, കിളയിൽ വീട്, മുക്കാലി പോസ്റ്റ്, മുക്കാലി, കള്ളമല.<br>A3) ഷംസുദ്ദീൻ, S/o മുഹമ്മദ്, പൊതുവച്ചോല വീട്, മുക്കാലി പോസ്റ്റ്, മുക്കാലി, കള്ളമല.<br>A4) അനീഷ്, S/o രാജഗോപാലൻ കുന്നത്ത് വീട്, കൽക്കണ്ടി പി.ഒ, കക്കുപ്പടി, കള്ളമല.<br>A5) രാധാകൃഷ്ണൻ S/o ബാലൻ, താഴശ്ശേരി വീട്, മുക്കാലി.<br>A6)അബൂബക്കർ @ ബക്കർ S/o മുഹമ്മദ് ,പൊതുവച്ചോല വീട്, പള്ളിപ്പടി, ആനമൂളി, തെങ്കര പോസ്റ്റ്.<br>A7) സിദ്ധിക്ക് S/o സെയ്ദ്, പടിഞ്ഞാറേപ്പള്ള കരുക്കൾ വീട്, മുക്കാലി പോസ്റ്റ്, മുക്കാലി, കള്ളമല.<br>A8) ഉബൈദ് S/o ഉമ്മർ, തൊട്ടിയിൽ വീട്, മുക്കാലി പോസ്റ്റ്, മുക്കാലി, കള്ളമല.<br>A9)നജീബ് | മധു മുക്കാലി. | 22.02.2018 തീയതി 14.15 മണിക്ക് മധു, മുക്കാലി എന്നയാളെ നാട്ടുകാർ പിടികൂടിവെച്ചിരിക്കുന്ന വിവരം ലഭിച്ചതിനെത്തുടർന്ന് ടിയാനെ 15.30 മണിക്ക് കൂട്ടിക്കൊണ്ടുവരുന്ന വഴിക്ക് താവളം ജംഗ്ഷനിൽ വച്ച് ഛർദ്ദിച്ച് അവശനാകുകയും മെഡിക്കൽ പരിശോധനയ്ക്കായി അഗളി CHC യിൽ എത്തിച്ച് ഡോക്ടർ പരിശോധിച്ച് ടിയാൻ മരണപ്പെട്ടതായി പറഞ്ഞു. | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | S/o ലത്തീഫ്, വിരുത്തിയിൽ വീട്,<br>മുക്കാലി പോസ്റ്റ് , മുക്കാലി,<br>കള്ളമല.<br>A10) ജെയ്സ്ല മോൻ<br>S/o അയ്യപ്പൻകുട്ടി, മണ്ണംമ്പറ്റ വീട്,<br>മുക്കാലി.<br>A11) അബ്ദുൾ കരീം<br>S/o താജുദ്ദീൻ | | | |
| 4 | മലപ്പുറം | വണ്ടൂർ | 348/2016<br>u/s 174 CrPC | പോലീസുദ്യോഗസ്ഥർക്കെതിരെ കേസെടുത്തിട്ടില്ല. കേസുമായി ബന്ധപ്പെട്ട് മനോജ് എസ്.സി.പി.ഒ. 3494, സതീഷ്, സി.പി.ഒ 4987, എസ്.ആർ. സനീഷ്, സബ് ഇൻസ്പെക്ടർ (എസ്.എച്ച്.ഒ) എന്നിവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. | അബ്ദുൾ ലത്തീഫ്<br>S/o മുഹമ്മദ്<br>പാലക്കത്തൊണ്ടിയിൽ വീട്, പള്ളിക്കുന്ന്, വണ്ടൂർ അംശം. | മഞ്ചേരിയിലെ ജെ.എഫ്.സി.എം. കോടതി (വനം) യുടെ എസ്. പി. വാറണ്ട് നം.62/15 പ്രകാരം 10.09.2016 – ൽ 12.50-ന് വണ്ടൂർ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും, പോലീസ് കസ്റ്റഡിയിലിരിക്കെ സ്റ്റേഷനിലെ ബാത്ത്റൂമിനകത്ത് ഉപയോഗിച്ചിരുന്ന ലുങ്കി ഉപയോഗിച്ച് ആത്മഹത്യ ചെയ്യുകയും ചെയ്തു. | |
| 5 | കണ്ണൂർ | തലശ്ശേരി | 1983/16<br>u/s 174 CrPC | മരണകാരണം ഹൃദയാഘാതമാണെന്ന് അറിവായതിനാൽ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കേസ്സെടുത്തിട്ടില്ല. | കാളിമുത്തു<br>തേനി, മാവട്ടം, ആണ്ടിപ്പെട്ടി, സേലം, തമിഴ്നാട് | 08.10.2016 തീയതി 01.25 മണിക്ക് കളവ് കേസിലേക്ക് സംശയിച്ച് നാട്ടുകാർ പോലീസിലേല്പിച്ച് സ്റ്റേഷനിൽ പാർപ്പിച്ചിരുന്ന രണ്ടു പേരിൽ കാളിമുത്തു എന്നയാൾ 09.10.2016 തീയതി കാലത്ത് 7 മണിക്ക് അബോധാവസ്ഥയിൽ കണ്ട് തലശ്ശേരി ജനറൽ ആശുപത്രിയിൽ എത്തിച്ചതിൽ ഡോക്ടർ പരിശോധിച്ചതിൽ മരണപ്പെട്ടു എന്ന റിപ്പോർട്ട്. | കേസ് അന്വേഷണ അവസാനയിലാണ്. |